GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/06/2026

1. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര ബ്ലോക്കിലെ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി, അതിയന്നൂർ, കരിങ്കുളം, കാഞ്ഞിരംകുളം, കോട്ടുകാൽ, വെങ്ങാനൂർ, വിഴിഞ്ഞം, തിരുവല്ലം എന്നീ കൃഷി ഭവനുകളിൽ തെങ്ങിൻതൈകൾ സബ്സിഡി നിരക്കിൽ ലഭ്യമാണ്. നാടൻ തെങ്ങിൻ തൈകൾ 50 രൂപ നിരക്കിലും, സങ്കരയിനം തൈകൾ 125 രൂപ നിരക്കിലും വില്പനയ്ക്ക് ലഭ്യമാണ് കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് നെയ്യാറ്റിൻകര ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അനിൽ കെ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 7012131408 എന്ന നമ്പരിൽ ബന്ധപ്പെടുക.

2. ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്കിന് കീഴിലുള്ള കുളക്കട, മേലില, ഉമ്മന്നൂർ, മൈലം, പവിത്രേശ്വരം, വെട്ടിക്കവല എന്നീ കൃഷി ഭവനുകളിൽ തെങ്ങിൻതൈകൾ സബ്സിഡി നിരക്കിൽ ലഭ്യമാണ്. നാടൻ തെങ്ങിൻ തൈകൾ 50 രൂപ നിരക്കിലും, സങ്കരയിനം തൈകൾ 125 രൂപ നിരക്കിലും വില്പനയ്ക്ക് ലഭ്യമാണ് കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് വെട്ടിക്കവല ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9447248729 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. ക്ഷീരവികസന വകുപ്പിന്റെ N A B L അക്രഡിറ്റേഷൻ ലഭിച്ച സ്റ്റേറ്റ് ഡയറി ലാബിൽ പാൽ, പാലുല്പന്നങ്ങൾ, കുടിവെള്ളം, കാലിത്തീറ്റ, കാലിത്തീറ്റ ഉത്പാദിപ്പിക്കാൻ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, ധാന്യങ്ങൾ പയർവർഗ്ഗങ്ങൾ, എന്നിവയുടെ കെമിക്കൽ, മൈക്രോബയോളജി പരിശോധനകൾ ചെയ്യുന്നുണ്ട്. ഇതോടൊപ്പംതന്നെ പാൽ, പാലുല്പന്നങ്ങൾ എന്നിവയുടെ FSSAI പ്രകാരമുള്ള കെമിക്കൽ പരിശോധനകളിലും, കുടിവെള്ളം, FOOD, Milk & Milk Products എന്നിവയുടെ മൈക്രോബയോളജി പരിശോധനകളിലും ലാബിൽനിന്നും പരിശീലനം നൽകുന്നുണ്ട്. പരിശോധനകൾക്കും,

പരിശീലനങ്ങൾക്കും സർക്കാർ അംഗീകൃത നിരക്കുകളും ഈടാക്കുന്നുണ്ട് . കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471-2445749, 2445799, e-mail: dir.dairy@kerala.gov.in ,cru.ddd@kerala.gov.in.

4. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക വിളകളിലെ പ്രജനനരീതികൾ - ബഡിങ്ങ്, ഗ്രാഫ്റ്റിങ്ങ്, ലെയറിങ്ങ്" എന്ന വിഷയത്തിൽ 2026 ജൂൺ 23, 24 തീയതികളിലായി രണ്ടു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ 8547070773, 0487 2370773 എന്നീ ഫോണ് നമ്പറില് 22.06.2026 തീയതിയ്ക്കു മുമ്പായി ബന്ധപ്പെടുക. പരിശീലനഫീസ് ₹1,100/- രൂപ.

## 5. കാർഷിക നിർദ്ദേശം

തിരുവാതിര ഞാറ്റുവേല നടീലിന് ഏറ്റവും യോജിച്ച സമയമാണ്. വേരു പിടിപ്പിച്ച കുരുമുളകുവള്ളികൾ, തെങ്ങിൻ തൈകൾ, കൊക്കോ, കശുമാവ്, മറ്റ് ഫലവൃക്ഷ തയ്കൾ, എല്ലാംതന്നെ ഈ സമയത്ത് നടാം. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ മാത്രമെ ഉപയോഗിക്കാവൂ. നീർവാർച്ച ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം.